# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 23

# വാർത്താക്കുറിപ്പ്

---

**മൂല്യനിർണയവും പരീക്ഷ നടത്തിപ്പും**
**അതിവേഗത്തിലാക്കാനൊരുങ്ങി എം.ജി.**

- അവസാന സെമസ്റ്റർ ബിരുദ പരീക്ഷഫലം ഏപ്രിൽ 30നകം
- അവസാന സെമസ്റ്റർ പി.ജി. പരീക്ഷ ഫലം ജൂൺ 15നകം
- യു.ജി., പി.ജി. പ്രവേശനം അപേക്ഷ മെയ് 15 മുതൽ

മൂല്യനിർണയവും പരീക്ഷ നടത്തിപ്പും അതിവേഗത്തിലാക്കാനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാല. സർവകലാശാല അസംബ്ലി ഹാളിൽ നടന്ന കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം സർവകലാശാലയുടെ നടപടികൾക്ക് സർവ പിന്തുണയും അറിയിച്ചു. ഒന്ന്, ആറ് സെമസ്റ്റർ ബിരുദ പരീക്ഷകളുടെ മൂല്യനിർണയം ഏപ്രിൽ ഒന്നിന് ആരംഭിച്ച് ആറ് ദിവസംകൊണ്ട് പൂർത്തീകരിക്കും. ഇതിനായി എട്ട് കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾ നടത്തും. ഏപ്രിൽ 30നകം ഫലപ്രഖ്യാപനം നടത്തുകയാണ് ലക്ഷ്യം. ഇതിനായി മാർച്ച് 31നകം അവസാനവർഷ ബിരുദ പരീക്ഷകളുടെ പ്രാക്ടിക്കലും പ്രൊജക്ട് ഇവാല്യുവേഷനും പൂർത്തീകരിക്കും. കഴിഞ്ഞ വർഷം മെയ് 15ന് ബിരുദഫലം പ്രഖ്യാപിച്ചതിനാൽ പി.ജി. പ്രവേശനത്തിന് വിദ്യാർഥികൾക്ക് കൂടുതൽ അവസരം ലഭിച്ചിരുന്നു. എല്ലാ അധ്യാപകരും ഏപ്രിൽ ഒന്നിന് മൂല്യനിർണയ ക്യാമ്പിൽ എത്തുന്നതിന് നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകി. മൂന്നാം സെമസ്റ്റർ പരീക്ഷയുടെ മൂല്യനിർണയം മാർച്ച് അഞ്ചിന് ആരംഭിക്കും. മൂന്ന് ദിവസംകൊണ്ട് മൂല്യനിർണയം പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

നാലാം സെമസ്റ്റർ പരീക്ഷകൾ മെയ് മൂന്നിനും രണ്ടാം സെമസ്റ്റർ പരീക്ഷകൾ മെയ് രണ്ടിനും ആരംഭിക്കും. നാലാം സെമസ്റ്റർ പരീക്ഷകൾക്ക് മുമ്പായിത്തന്നെ മൂന്നാം സെമസ്റ്റർ ഫലം പ്രഖ്യാപിക്കുകയാണ് ലക്ഷ്യം.

നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ മെയ് ആദ്യ ആഴ്ച ആരംഭിക്കും. പരീക്ഷ ഫലം ജൂൺ 15നകം പ്രഖ്യാപിക്കാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ജൂൺ 15നകം ഫലം വരുന്നതുമൂലം ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് രാജ്യത്താകമാനം അപേക്ഷിക്കാനുള്ള അവസരം വിദ്യാർഥികൾക്ക് ലഭിക്കും. ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് മെയ് 15ന് പോർട്ടൽ തുറക്കും. ജൂൺ ആദ്യവാരത്തോടെ പ്രവേശന നടപടികൾ പൂർത്തീകരിച്ച് ജൂലൈ 15ഓടെ പ്രവേശന നടപടികൾ അവസാനിപ്പിക്കുകയാണ് ലക്ഷ്യം.

യോഗം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. കെ.എം. സീതി ഉദ്ഘാടനം ചെയ്തു. സാങ്കേതികവിദ്യയുടെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് അവ പ്രയോജനപ്പെടുത്തി കാലത്തിനനുസരിച്ച് നവീകരിക്കപ്പെടണമെന്നും പരീക്ഷാരംഗത്ത് വിപ്ലവകരമായ മാറ്റം സർവകലാശാല സാധ്യമാക്കിയെന്നും അദ്ദേഹം പറഞ്ഞു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. ഡോ. ആർ. പ്രഗാഷ് മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗങ്ങളായ ഡോ. പി.കെ. പത്മകുമാർ, പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. ആർ. അനിത, പരീക്ഷ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ എന്നിവർ പ്രസംഗിച്ചു.

ഫെബ്രുവരി 28 മുതൽ കോട്ടയത്ത് നടക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാല കലോത്സവത്തിന് സർവവിധ സഹായങ്ങളും നൽകാൻ യോഗം തീരുമാനിച്ചു.

(പി.ആർ.ഒ./39/362/2019)

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. കെ.എം. സീതി ഉദ്ഘാടനം ചെയ്യുന്നു**

## പി.ജി. പ്രൈവറ്റ് പരീക്ഷ കേന്ദ്രത്തിന് മാറ്റം

2019 ഫെബ്രുവരി 25ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ നടക്കേണ്ട മൂന്നും നാലും സെമസ്റ്റർ പി.ജി. പ്രൈവറ്റ് പരീക്ഷ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നടക്കും. എൻ.എസ്.എസ്. കോളേജിൽ പരീക്ഷയെഴുതേണ്ടവർ അസംപ്ഷൻ കോളേജിൽ ഹാജരാകണം. പരീക്ഷ സമയത്തിൽ മാറ്റമില്ല. മറ്റു ദിവസങ്ങളിലെ പരീക്ഷകൾ മുൻ നിശ്ചയപ്രകാരം എൻ.എസ്.എസ്. കോളേജിൽത്തന്നെ നടക്കും.

(പി.ആർ.ഒ./39/363/2019)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (സി.എസ്.എസ്. - റഗുലർ/റീഅപ്പിയറൻസ്) ജനുവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് അഞ്ചുമുതൽ എട്ടുവരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. പരീക്ഷയോടനുബന്ധിച്ചുള്ള എക്‌സാമിനർമാരുടെ സമിതി യോഗം ഫെബ്രുവരി 28ന് സർവകലാശാല സിൽവർ ജൂബിലി പരീക്ഷാഭവന്റെ 201-ാം നമ്പർ മുറിയിൽ രാവിലെ 11ന് കൂടും.

(പി.ആർ.ഒ./39/364/2019)

ഒന്നാം സെമസ്റ്റർ ബി.എഫ്.ടി. ആന്റ് ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (സി.ബി.സി.എസ്., 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 26 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/365/2019)

## പരീക്ഷ ഫലം

2018 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്‌സി./ബി.കോം (മോഡൽ I, II, III -2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/366/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/367/2019)

## യു.ജി. പരീക്ഷ ചെയർമാന്മാരുടെ യോഗം ഫെബ്രുവരി 25ന്

നാല്, ആറ് സെമസ്റ്റർ യു.ജി. (മാർച്ച് 2019) പരീക്ഷകളുടെ ചെയർമാന്മാരുടെ യോഗം ഫെബ്രുവരി 25ന് രാവിലെ 10.30ന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/368/2019)

## ലൈബ്രറി അസിസ്റ്റന്റ് - വാക്-ഇൻ-ഇന്റർവ്യൂ മാർച്ച് അഞ്ചിന്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ലൈബ്രറി അസിസ്റ്റന്റുമാരെ നിയമിക്കുന്നു. 179 ദിവസത്തേക്കാണ് നിയമനം. 600 രൂപയാണ് ദിവസവേതനം. മഹാത്മാ ഗാന്ധി സർവകലാശാല അംഗീകരിച്ച ഏതെങ്കിലും വിഷയത്തിലുള്ള ബിരുദത്തോടൊപ്പം ബി.എൽ.ഐ.സി.യുമാണ് യോഗ്യത. 2019 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. (പട്ടികജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവ്

ലഭിക്കും). നിയമനത്തിനായുള്ള വാക്-ഇൻ-ഇന്റർവ്യൂ മാർച്ച് അഞ്ചിന് രാവിലെ 11ന് സർവകലാശാല കാര്യാലയത്തിൽ നടക്കും. താല്പര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തി പരിചയം, ജാതി, അധികയോഗ്യത എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അസലും സഹിതം രാവിലെ 9.30ന് സർവകലാശാല ഭരണവിഭാഗം ബ്ലോക്കിലുള്ള എഡി.എ5 സെക്ഷനിൽ എത്തണം.

(പി.ആർ.ഒ./39/369/2019)

**എം.ജിയിൽ അധ്യാപകർക്കായി പോർട്ടൽ**

അധ്യാപകരുടെ അക്കാദമിക-സർവീസ് മികവും വിവരങ്ങളും ഉൾക്കൊള്ളിക്കാവുന്ന സമ്പൂർണ്ണ പോർട്ടൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ ആരംഭിച്ചു. കോളേജധ്യാപകർക്കും പഠനവകുപ്പുകളിലെ അധ്യാപകർക്കുമായി ആരംഭിച്ച പോർട്ടൽ ഫെബ്രുവരി 25 മുതൽ പ്രവർത്തനക്ഷമമാകും. സർവകലാശാല വെബ്സൈറ്റിലെ ലിങ്ക് വഴി പോർട്ടലിലേക്ക് പ്രവേശിക്കാം.

അധ്യാപകർക്ക് നൽകുന്ന യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. സർവീസ് വിവരങ്ങളും അക്കാദമിക മികവടക്കമുള്ള വിവരങ്ങളും അധ്യാപകർ പോർട്ടലിൽ നൽകണം. അധ്യാപകർ നടത്തുന്ന അപ്ഡേഷനുള്ള അനുമതി പ്രിൻസിപ്പലാണ് ചെയ്യുക. അധ്യാപകർ ചെയ്യുന്ന മൂല്യനിർണയമടക്കമുള്ള പ്രവൃത്തികൾ ഇതിൽ ഉൾക്കൊള്ളിക്കും.

പോർട്ടലിലെ വിവരങ്ങൾ അനുസരിച്ചാണ് 2019-20 അധ്യയന വർഷം മൂല്യനിർണയത്തിന് അധ്യാപകരെ നിയോഗിക്കുക. ഓരോ സെമസ്റ്ററിലും അധ്യാപകർ പഠിപ്പിക്കുന്ന വിഷയമടക്കമുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണം. അപ്ഡേഷൻ നടന്നാലേ വിദ്യാർഥികളുടെ സെമസ്റ്റർ രജിസ്ട്രേഷനുള്ള ലിങ്ക് ലഭ്യമാകൂ. ജൂണിലും ഡിസംബറിലും അപ്ഡേഷനുള്ള അവസരം പോർട്ടലിൽ ലഭ്യമാകും.

## ഫോട്ടോക്യാപ്ഷൻ

**എം.ജി. സർവകലാശാല ആരംഭിച്ച അധ്യാപകർക്കായുള്ള പോർട്ടൽ**

(പി.ആർ.ഒ./39/370/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ